പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1910 | 04.12.2018-ലെ മറുപടിക്ക്

## ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോ

ചോദ്യം | മറുപടി

ശ്രീ.സജി ചെറിയാൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം യാത്രക്കാർക്കും ശബരിമല തീർത്ഥാടകൾക്കും വളരെയേറെ കഷ്ടതകൾ ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രളയത്തിൽ നശിച്ച ഡീസൽ പമ്പ് ഹൗസ് പുനസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുമോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് വരുന്നുണ്ട്. ചെങ്ങന്നൂർ യൂണിറ്റിലെ ഡീസൽ പമ്പിന്റെ ടാങ്ക് വെള്ളം കയറി നശിച്ചതിനാൽ ഐഒസി മുഖാന്തിരം പമ്പ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. ജോലികൾ അന്തിമഘട്ടത്തിലുമാണ്. ഇതിനാവശ്യമായ എക്സ്പ്ലോസീവ് ലൈസൻസ് ലഭിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. എത്രയും വേഗം ഡീസൽപമ്പ് പ്രവർത്തന ക്ഷമമാകുന്നതാണ്. |
| (ബി) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്ന് എത്ര ട്രിപ്പുകൾ ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് നടത്തിയിരുന്നു; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും 505 ട്രിപ്പുകൾ നടത്തിയിരുന്നു. |
| (സി) | ജീവനക്കാരുടെ ഒറ്റ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയപ്പോൾ എത്ര ട്രിപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്; | (സി) | കെ.എസ്.ആർ.ടി.സി.യിലെ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ലാഭകരമല്ലാത്ത സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, പൊതുജനങ്ങൾക്ക് യാത്രാക്ലേശമുണ്ടാകാത്ത തരത്തിൽ, ലാഭകരമല്ലാത്ത 80 ട്രിപ്പുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | നിലവിൽ ചെങ്ങന്നൂർ ഡിപ്പോയിൽ നിന്ന് എത്ര ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ? | (ഡി) | നിലവിൽ ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും 425 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**